നാലര ശതമാനം ലോക്കൽ ബോഡീസും അഞ്ചും ശതമാനം സ്റ്റേറ്റ് ഗവൺമെന്റും ഒന്നര ശതമാനം ജില്ലാബാങ്കും ഒരു ശതമാനം സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും നൽകും. അങ്ങനെ പന്ത്രണ്ട് ശതമാനം പലിശ എന്നുള്ളത് പൂർണ്ണമായും ഒഴിവാക്കി പ്രയോജനപ്പെടുത്തുക എന്നുള്ളതാണ് പുതിയ സ്കീം.

ശ്രീ. എം. പി. വർഗ്ഗീസ് : സർ, തരിശുഭൂമി പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്നവർക്ക് പലിശരഹിത വായ്പയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ ?

ശ്രീ. എസ്. ശർമ്മ : സർ, സർക്കാർ ഭൂമി പാട്ടത്തിന് എടുത്തും വാടകയ്ക്ക് എടുത്തും കൃഷിക്കാർ സംഘം ചേർന്ന് കൃഷി ചെയ്യുന്നു. അട്ടപ്പാടിയിൽ കർഷകർ സംഘം ചേർന്ന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഭൂമി പാട്ടത്തിന് എടുത്ത് അപേക്ഷ സമർപ്പിച്ചപ്പോൾ ജില്ലാ ബാങ്ക് നേരിട്ട് അവർക്ക് വായ്പ കൊടുത്ത് കൃഷി ചെയ്തിക്കുന്നുണ്ട്. അതും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, കഴിഞ്ഞ മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ചോദ്യം 55 ഇതേ കാര്യമാണ്. ക്ലബ്ബ് ചെയ്തിരിക്കുന്നതാണ്. പലിശ രഹിത വായ്പയാണ്...

മി സ്പീക്കർ : ഇത് ശരിയായ രീതിയല്ല. ചെയറാണ് തീരുമാനിക്കേണ്ടത്. ചെയർ തീരുമാനിക്കും .....(തടസ്സം)..... ചെയറിന് ചെയ്യണമെന്നുണ്ട്. പക്ഷെ ചെയ്യാൻ അനുവദിക്കാതിരുന്നാൽ എന്തുചെയ്യും ? ചോദ്യം 55 - ശ്രീ. കെ. അച്യുതൻ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ...

കർഷകർക്ക് പലിശരഹിത വായ്പാപദ്ധതി

2 (*55) ശ്രീ. കെ. അച്യുതൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്നും കർഷകർക്ക് പലിശരഹിത വായ്പ നൽകുവാൻ പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇതിനുള്ള തുക എപ്രകാരം കണ്ടെത്തുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ&ബി) കർഷകർക്ക് പലിശരഹിത വായ്പ നൽകുവാൻ പദ്ധതിയില്ല. എന്നാൽ സ്വാശ്രയ സഹായ പദ്ധതി പ്രകാരം സഹകരണ മേഖലയിൽ രൂപീകരിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 9.5 ശതമാനം പലിശയ്ക്ക് നൽകി വരുന്ന വായ്പ പലിശ രഹിതമായി മാറ്റുവാൻ വേണ്ടി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിവഴി അഞ്ചു ശതമാനവും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പഞ്ചായത്തുകൾക്കുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 4 ശതമാനവും സബ്സിഡിയായി നൽകി പലിശ രഹിത വായ്പയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഈ പദ്ധതി പ്രകാരമുള്ള വായ്പ നൽകുന്നതിനുള്ള തുക സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും സർവീസ് ബാങ്കുകളും നൽകും സബ്സിഡി നൽകുന്നതിനുള്ള തുക സഹകരണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വാർഷിക വിഹിതത്തിൽ വകയിരുത്തും

(ഡി) രൂപീകരിക്കുന്ന ഗ്രൂപ്പുകളുടെ എണ്ണവും അതിലെ അംഗങ്ങളുടെ എണ്ണവും തിട്ടപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ തുക അറിയാനാവൂ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, മൂന്നു ജില്ലകളിൽ ഈ രീതി നടപ്പിൽ വരുത്തി എന്നു പറഞ്ഞു. എത്ര ഗുണഭോക്താക്കൾക്ക് ഇത് പ്രയോജനപ്പെട്ടിട്ടുണ്ട് ; എത്ര ഗ്രൂപ്പുകൾക്ക് ഇതുപോലെയുള്ള പലിശരഹിത വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : സർ, മൂന്ന് ജില്ലകളിലായി 185157 ലക്ഷം രൂപയാണ് ഇക്കഴിഞ്ഞ വർഷം ചെലവഴിച്ചിട്ടുള്ളത്. കണ്ണൂർ 43 ഗ്രൂപ്പുകൾ, പാലക്കാട് 30 ഗ്രൂപ്പുകൾ, എറണാകുളം 39 ഗ്രൂപ്പുകൾ.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകിച്ച് വല്ല സംഖ്യയും വക കൊള്ളിച്ചിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : സർ, ചോദ്യം 31-ന് ഉത്തരമായി സർക്കാർ കൊടുക്കേണ്ട വിഹിതം, സഹകരണ വകുപ്പിന്റെ രണ്ടു ഹെഡ്ഡിലായി അഞ്ചു കോടി രൂപയിൽ സർക്കാർ അഞ്ചുശതമാനം സബ്സിഡി ഉദ്ദേശിച്ചിട്ടുണ്ട്. ബാക്കി തുക ലോക്കൽ ബോഡിസും സ്റ്റേറ്റ്, ജില്ലാ സഹകരണ ബാങ്കുകളുമാണ് നൽകുന്നത്.

ശ്രീ. ജി. കാർത്തികേയൻ : സർ, പലിശ രഹിത വായ്പാ പദ്ധതിയെക്കുറിച്ചാണ് പറയുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് ദേശസാൽകൃത ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത് തൊഴിൽ രഹിതരായ ധാരാളം ചെറുപ്പക്കാർ ചെറിയ ചെറിയ വ്യവസായ സംരംഭങ്ങൾ തുടങ്ങി. അവരുടെ ഉൽപന്നങ്ങൾക്ക് വിലയിനും മാർക്കറ്റ് കിട്ടുന്നില്ല കാരണം മൾട്ടി നാഷണൽ കമ്പനികളുടെ ഉൽപന്നങ്ങളുടെയിടയിൽ ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

ചെറുപ്പക്കാരുടെ ഉൽപന്നങ്ങൾ പുറകോട്ടു പോകുന്നു. ഇന്ന് നിലവിലുള്ള സാമ്പത്തിക തകരാറു കൊണ്ടും കേരളത്തിന്റെ സാമ്പത്തിക തകർച്ച കൊണ്ടും ജനങ്ങളുടെ കയ്യിൽ പണമില്ലാത്തതുകൊണ്ടും ഇവരുടെ ഉൽപന്നങ്ങൾ വാങ്ങാൻ കഴിയുന്നില്ല. അതുകൊണ്ട് ഇത്തരം ചെറുപ്പക്കാർ നടത്തുന്ന ചെറുകിടവ്യവസായങ്ങൾ ഇന്ന് ബുദ്ധിമുട്ടിലാണ് മുന്നോട്ടു പോകുന്നത്. അവരുടെ ലോണുകൾക്ക് പലിശ ഇളവു ചെയ്യുന്നതിനുകൂടി ആലോചിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, ഇപ്പോൾ അപ്രകാരമുള്ള സ്കീം നിലവിലില്ല. സാധാരണ മാർക്കറ്റിൽ വരുന്ന വലിയ കോംപറ്റീഷന്റെ ഭാഗമായി ചെറുകിട യൂണിറ്റുകൾ പ്രതിസന്ധിയിലാകുകയോ അടച്ചു പൂട്ടുകയോ തുടർന്ന് നടത്താൻ കഴിയാതെ വരികയോ ചെയ്യുന്ന ഗൗരവതരമായ സ്ഥിതിവിശേഷം ഒരു സാമൂഹ്യ പ്രശ്നമായി വളർന്നു വരികയാണ്. കാർഷിക രംഗത്ത് ഉൽപാദന വർദ്ധനവ് ലക്ഷ്യമാക്കിക്കൊണ്ട് കർഷകർക്ക് കൂട്ടായ്മ ഉറപ്പു വരുത്തുക എന്നുള്ളതാണ് കണക്കാക്കിയിട്ടുള്ളത്. പക്ഷെ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഇത്തരം ആളുകളെ എപ്രകാരമാണ് സഹായിക്കാൻ കഴിയുന്നതെന്നുള്ള കാര്യം ഗൗരവതരമായ പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : അങ്ങയുടെ ഉത്തരത്തിനോട് അനുബന്ധമായി ഞാൻ ഒരു ചോദ്യം ചോദിക്കുകയാണ്. നമ്മുടെ ഇത്തരം ഉൽപാദന കേന്ദ്രങ്ങളിലെ പ്രോഡക്ട് ഉണ്ടല്ലോ, നമ്മുടെ സംസ്ഥാന ഗവൺമെന്റിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾക്കാവശ്യമായ പല ഉൽപന്നങ്ങളും ഇത്തരം സംരംഭകർ നിർമ്മിക്കുന്നുണ്ട്. ഒരു പർച്ചേസ് പ്രിഫറൻസ് എന്നുള്ളത് നമ്മുടെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കുള്ളതാണ്. പക്ഷെ പലപ്പോഴും നമ്മുടെ സംസ്ഥാനത്ത് അതില്ല. അങ്ങനെയാണെങ്കിൽ ഇത്തരം മേഖലകളുടെ ഉൽപന്നങ്ങൾക്ക് ഒരു പ്രത്യേകമായ മുൻഗണന കൊടുത്തുകൊണ്ട് അത് വാങ്ങിക്കാനുള്ള സംവിധാനം ഇവിടെ ഉണ്ടാക്കിയാൽ അങ്ങ് പറയുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയും. പലിശരഹിത വായ്പ പദ്ധതിയെക്കുറിച്ചാണ് ചോദ്യമെങ്കിലും, എന്റെ ഒരു ചോദ്യത്തിലെ അങ്ങയുടെ മറുപടിയിൽ നിന്നും ബന്ധപ്പെട്ടുകൊണ്ടാണ് ഞാൻ രണ്ടാമത്തെ ചോദ്യം ചോദിക്കുന്നത്. അതിനുള്ള ഒരു നയം ഈ ഗവൺമെന്റ് പ്രഖ്യാപിക്കണം. ഇത്തരം തൊഴിൽ രഹിത സംരംഭകരുടെ ഉൽപന്നങ്ങൾ എത്ര ശതമാനമെങ്കിലും സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകൾ വാങ്ങിക്കുമെന്നുള്ള ഒരു നയമോ നിയമമോ ഉണ്ടെങ്കിൽപ്പോലും അങ്ങ് പറയുന്ന ഒരു മാർക്കറ്റിംഗ് പ്രോബ്ലമുണ്ടാകുന്നില്ല. അതിനുകൂടി ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : സർ, നമ്മുടെ സ്റ്റേറ്റിലെ ഉൽപന്നങ്ങൾക്ക് ഒരു സംരക്ഷണം ലഭിക്കാതെ വരുന്നതിന്റെ അടിസ്ഥാന പ്രശ്നം ഇറക്കുമതി ശക്തമായി വരുന്നതാണ്. ഇതിനെ തുടർന്ന് മാർക്കറ്റിൽ മൽസരിച്ച് അതിൽ മുൻകൈ നേടുകയെന്നുള്ളത് ആഗ്രഹിക്കാവുന്നതാണെങ്കിലും അത് സൂക്ഷ്മമായി പരിശോധിച്ച് ഇവിടെ വരുന്ന ചർച്ചകളെല്ലാം മനസ്സിലാക്കിക്കൊണ്ട് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിലെ ബന്ധപ്പെട്ടവരുമായി ആലോചിച്ച ശേഷമേ എന്തുചെയ്യാൻ കഴിയുമെന്നുള്ളത് പറയാൻ കഴിയൂ. പക്ഷേ അടിസ്ഥാനപ്രശ്നം,

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഉൽപന്നങ്ങൾ പലതും മാർക്കറ്റിൽ മുൻകൈ നേടുന്നുണ്ടെങ്കിലും പലതും ഏറ്റവും ചീപ്പസ്റ്റായിട്ടുള്ള വിലയ്ക്ക് ആദ്യമേ ഇംപോർട്ടുചെയ്ത് വരികയും പിന്നീട് മാർക്കറ്റ് കൈയടക്കി കഴിഞ്ഞിട്ടുണ്ടെങ്കിൽ കോസ്റ്റിലി ഉൽപന്നമാക്കി മാറ്റുകയും ചെയ്യുന്ന ഒരു മൂലധന ശക്തികളുടെ മാർക്കറ്റ് വെട്ടിപ്പിടിത്തത്തിൽ നമ്മൾ ഞെരിയുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം വിസ്മരിക്കാൻ പാടില്ല.

ശ്രീ. എ. കണാരൻ : പലിശ രഹിത വായ്പ സന്തോഷകരമായ ഒരുകാര്യമാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കേണ്ടതാണ്. പക്ഷേ പലിശ രഹിത വായ്പ കൊടുത്തുകൊണ്ടുരിക്കുന്നതിലെ ക്രമം എന്താണ് ? എത്ര ലക്ഷം വരെ കൊടുക്കും ? ഈ രാജ്യത്തിലെ പറമ്പുകളിൽ നടു കൃഷികളായ വാഴ, ചേമ്പ്, ചേന, തിന, മഞ്ഞളൊക്കെ കൃഷി ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഇതൊക്കെ ഒറ്റയ്ക്ക് ഒറ്റയ്ക്ക് കൃഷി ചെയ്ത് കൊണ്ടിരിക്കുന്നുണ്ട്. അതിന്റെ ഫലമായി എമ്പാടും ഉൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയും. അതുകൊണ്ട് അത്തരം കൃഷിക്കാർക്ക് ഒരു പരിധിവച്ച് തുക നൽകാനുള്ള സംവിധാമുണ്ടാക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഏതാണോ വിള ആ വിള തുടങ്ങുന്നത് എപ്പോഴാണ്, വിളവെടുപ്പ് എപ്പോഴാണ് എന്നതു കണക്കാക്കി ഓരോ വിളയുടെയും പ്രത്യേകതയ്ക്കനുസരിച്ച് കൃഷിയിറക്കുന്നതിനാവശ്യമായിട്ടുള്ള വായ്പ ഉറപ്പു വരുത്തുകയെന്നുള്ളതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : രണ്ട് മാസത്തിന് മുമ്പ് ഡൽഹിയിൽ പ്ലാൻ ഡിസ്ക്ഷന് മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ചെന്ന അവസരത്തിൽ ആ ചർച്ചാ വേളയിൽ ഡെപ്യൂട്ടി ചെയർമാൻ ശ്രീ. കെ. സി. പാന്ത് കേരളത്തിലെ കാർഷിക മേഖലയും വ്യാവസായിക മേഖലയും (രണ്ട് പ്രൊഡക്ടീവ് സെക്ടർ) ഇന്ന് വളരെ പിന്നോക്കം പോയിരിക്കുന്നുവെന്ന് അഭിപ്രായപ്പെടുകയും അവർക്ക് കിട്ടിയ ആധികാരികമായ കണക്കിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ഭാഗികമായി സമ്മതിച്ചിട്ട് കഴിഞ്ഞ രണ്ട് വർഷം ഇലക്ട്രിസിറ്റിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് കാർഷിക മേഖലയും വ്യാവസായിക മേഖലയും ശ്രദ്ധിക്കാൻ കഴിയാതെ പോയതെന്നും പുറകോട്ടു പോയതെന്നും പറഞ്ഞ വാർത്ത എല്ലാ പത്രങ്ങളിലും വന്നിട്ടുണ്ടായിരുന്നു. ആ യാഥാർത്ഥ്യം കണക്കിലെടുത്ത് ഇൻസെന്റീവെന്നുള്ള നിലയിൽ ബഡ്ജറ്റിൽ കുറെക്കൂടി തുക വർദ്ധിപ്പിച്ചിട്ട് കൃഷിക്കാരെ സഹായിക്കാൻ സഹകരണ വകുപ്പ് തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : ഡെപ്യൂട്ടി ചെയർമാൻ എന്താണ് പറഞ്ഞതെന്നുള്ളത് എനിക്കറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയുമാണ് ചർച്ചയ്ക്ക് പോയത്. സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് വകുപ്പ് തിരിച്ചുള്ള ചർച്ച വരുമല്ലോ. അപ്പോൾ ഉൽപാദന രംഗത്ത് എത്ര വർദ്ധനവുണ്ടായി ; വളർച്ചാ നിരക്ക് എത്രയാണ് ; ഓരോ വകുപ്പും എന്ത് ടാർജറ്റ് അച്ചീവ് ചെയ്തിട്ടുണ്ട് ; എവിടെയാണ് പുറകോട്ടു പോയത് ; എവിടെയാണ് മുന്നോട്ടു പോയത് എന്നൊക്കെ സൂക്ഷ്മമായി ഇവിടെ ചർച്ച ചെയ്യുമ്പോൾ പൂർണ്ണമായി വ്യക്തത വരുത്താൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് ബേബി : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതു പോലെ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് അട്ടപ്പാടി മേഖലയിൽ കർഷകർക്ക് വാഴയ്ക്കും മറ്റ് കൃഷിക്കുമാവശ്യമായ ഏറെ പണം കൊടുത്തിട്ടുണ്ട്. പ്രത്യേകിച്ച് അവിടെ മറ്റ് ഭൂമി ക്രയവിക്രയവും രജിസ്ട്രേഷനും നടക്കാത്തതുകൊണ്ട് വരുമാന മാർഗ്ഗമൊന്നുമില്ല. കൃഷിക്കാർക്ക് ആകെയുള്ള വരുമാനം വാഴ കൃഷിയിലൂടെയാണ്. കഴിഞ്ഞ ദിവസമുണ്ടായ കാലവർഷക്കെടുതിയിൽ അവിടെയുള്ള മിക്കവാറും വാഴ മുഴുവൻ നശിച്ചു. കൃഷിക്കാർക്കാണെങ്കിൽ പണം തിരിച്ചടയ്ക്കേണ്ട സന്ദർഭവുമായി. അങ്ങനെയുള്ള ആളുകളെ സംരക്ഷിക്കുന്നതിനു വേണ്ടി സമയം നീട്ടിക്കൊടുത്തുകൊണ്ട് ഒരു ആശ്വാസ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരുമോ ? കഴിയുമെങ്കിൽ കാലാവധി .രണ്ട് വർഷത്തേയ്ക്ക് നീട്ടാനുള്ള ഒരു നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകുമോ ?

ശ്രീ. എസ്. ശർമ്മ : കൃഷിനാശം സംഭവിച്ചാൽ സാധാരണഗതിയിൽ കൃഷിക്കാർക്ക് നൽകുന്ന ആശ്വാസ നടപടികൾ സ്വീകരിക്കുമ്പോൾ തന്നെ അതിന് കാലാവധി നീട്ടിക്കൊടുക്കുന്ന ഒരു സംവിധാനമുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രത്യേക പ്രശ്നമെന്താണെന്നുള്ളത് പ്രത്യേകം പരിശോധിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സ്വാശ്രയ സഹകരണസംഘം എന്ന് പറയുന്നുണ്ട്. ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ഓർഗനൈസേഷന് ആ കാര്യത്തിൽ ഒരു കൺസെപ്റ്റുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പ്ളാനിംഗ് കമ്മിഷൻ ഒരു കമ്മീഷനെ വച്ച് ഇതിന് ഒരു റിപ്പോർട്ടുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. വി. രാമചന്ദ്രനെ ചെയർമാനാക്കി ഒരു കമ്മിഷനെ കേരളത്തിൽ വച്ചു. സ്വാശ്രയ സഹകരണസംഘം എന്നുപറഞ്ഞാൽ ഉദ്യോഗസ്ഥന്മാരുടെ യാതൊരു ഇടപെടലുമില്ലാതെ, ആഡിറ്റ് തുടങ്ങിയ മുഴുവൻ കാര്യങ്ങളും ഇവർക്ക് തന്നെ പുറത്തുവച്ച് ചെയ്യാനുള്ള അധികാരം, അതുപോലെ ഏത് കാര്യത്തിൽ തീരുമാനമെടുക്കാനും, മെമ്പർമാരെ ചേർക്കാനും എല്ലാമുള്ള അധികാരം സ്വാശ്രയ സഹകരണസംഘത്തിന്റെ ബോർഡിനാണെന്നുള്ളതാണ് വന്നിട്ടുള്ളത്. ഈ കൺസെപ്റ്റ് അംഗീകരിച്ചുകൊണ്ടാണോ സ്വാശ്രയ സഹകരണ സംഘം ഉണ്ടാക്കിയിട്ടുള്ളത് ? അല്ലെങ്കിൽ നിലവിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളും ഇതും തമ്മിലുള്ള വ്യത്യാസമെന്താണ് എന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : സഹകരണ മേഖലയിലുള്ള ഫണ്ട് ഏതെല്ലാം സെക്ടറുകളിലേക്ക് എപ്രകാരം വിനിയോഗിക്കണമെന്നുള്ള ഒരു ചർച്ചയുടെ പശ്ചാത്തലത്തിൽ ഉൽപാദന മേഖലയ്ക്ക് ഊന്നൽ നൽകി കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കൃഷിക്കാരുടെ കൂട്ടായ്മ വളർത്തിയെടുക്കുന്നതിനും സഹായകമായ വിധത്തിൽ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് സ്വാശ്രയ അടിസ്ഥാനത്തിൽ കൃഷിക്കാരുടെ സംഘമെന്നുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറയുന്ന സർവ്വവിധ സ്വതന്ത്രമായ സംഘമെന്നുള്ള കൺസെപ്റ്റിനോട് ഗവൺമെന്റിന് യോജിപ്പില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : നിലവിലുള്ള പ്രാഥമിക സംഘങ്ങളും ഈ സംഘവും തമ്മിലുള്ള വ്യത്യാസമെന്താണ് ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയരുത്. കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് സീരിയസായിട്ട് അവതരിപ്പിച്ചു, അതിന്റെ ശരിയും തെറ്റും മനസ്സിലാക്കി മെരിറ്റിന്റെ അടിസ്ഥാനത്തിൽ ഡിസ്ക്കസ് ചെയ്യുന്നതിനും കുഴപ്പമില്ല. ഇത് മാർക്സിസ്റ്റ് സംഘങ്ങളൊന്നുമുണ്ടാക്കാൻ വേണ്ടിയിട്ടല്ല. പ്രൈമറി സംഘങ്ങളുടെ പ്രസിഡന്റും സെക്രട്ടറിമാരുമുണ്ടല്ലോ, അങ്ങേക്ക് തന്നെ അറിയാമല്ലോ ആരാണ് അതിന്റെ സെക്രട്ടറി ? അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മലപ്പുറത്തെ ഏറ്റവും പ്രധാനപ്പെട്ട യു. ഡി. എഫ്. നേതാവാണ്. അതുകൊണ്ട് ഒരു പദ്ധതിയുടെ നല്ല സംരംഭത്തെ ദുർവ്യാഖ്യാനിക്കാവുന്ന വിധത്തിൽ ചോദ്യം ചെയ്യുന്നത് ആരോഗ്യകരമല്ല എന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. എം. വി. ജയരാജൻ : അങ്ങ് മറുപടിയിൽ വ്യക്തമാക്കിയത് പത്തുകോടി എൺപത്തിയേഴുലക്ഷം രൂപ ചെലവഴിച്ച് 104 സ്വാശ്രയ ഗ്രൂപ്പ് പദ്ധതി കാർഷിക മേഖലയിൽ നടപ്പിലാക്കുന്നുവെന്നാണ്. അതിന്റെ ഭാഗമായി ഇതിനകം എത്ര രൂപയുടെ കാർഷികോൽപന്നങ്ങൾ ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വല്ല റിപ്പോർട്ടും സമാഹരിച്ചിട്ടുണ്ടോ ? പ്രത്യേകിച്ച് ഗ്രൂപ്പിൽ നിന്നും റിട്ടേൺസ് ഉണ്ടാകുന്നുണ്ട്. അവർ ഇങ്ങോട്ട് പണമടയ്ക്കുന്നതു കൊണ്ട് സ്വാഭാവികമായും സ്വാശ്രയ ഗ്രൂപ്പിന്റെ കാർഷികോൽപാദനം വർദ്ധിച്ചു കൊണ്ടിരിക്കുന്നുവെന്നാണ് വ്യക്തമാകുന്നത്. അതുസംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : പലിശ രഹിത വായ്പയെന്നുള്ളത് ഈ കഴിഞ്ഞ മാസം ഒന്നാംതീയതി മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അതിന്റെ വിളവെടുപ്പും തിരിച്ചടവും വന്നാൽ മാത്രമേ പൂർണ്ണമായിട്ട് ഒരു പരിശോധന നടത്തി അതിന്റെ ഫലം എത്രമാത്രമെന്ന് വിലയിരുത്തികൊണ്ട് ഒരു നിഗമനത്തിലെത്താൻ കഴിയുകയുള്ളു. 1234 സ്വാശ്രയ സംഘങ്ങളാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളത്. അതിനായി തെരെഞ്ഞെടുക്കപ്പെട്ടത് 432 സംഘങ്ങളാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ. 32

പട്ടികജാതി പട്ടികവർഗ്ഗ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

3 (*32) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്കായി 2000-2001 വർഷത്തിൽ എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട് ; അവ ഏതൊക്കെ ; ഒരു വീടിന് എത്ര രൂപയാണ് ഇപ്പോൾ നൽകുന്നത് ;

(ബി) ഇപ്പോൾ നൽകി വരുന്ന തുക വർദ്ധിപ്പിക്കുവാനും ചുരുങ്ങിയത് അൻപതിനായിരം രൂപയാക്കി ഉയർത്താനും നടപടി ഉണ്ടാകണം എന്ന ആവശ്യം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് നടപ്പാക്കുവാൻ തടസ്സം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly